(സി) പ്രസ്തുത തീരുമാനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണത്തെ ബാധിച്ചിട്ടുണ്ടോ ; പഞ്ചായത്ത്/മുൻസിപ്പൽ/കോർപ്പറേഷനുകൾക്ക് ഒരു മാസം പിൻവലിക്കാവുന്ന പരമാവധി പദ്ധതി പണം എത്രയാണ് ; ഈ നിലയിൽ അവശേഷിക്കുന്ന സമയംകൊണ്ട് പദ്ധതിപ്പണം പൂർണ്ണമായും വിനിയോഗിക്കാൻ പറ്റുമോ ;

(ഡി) സാമ്പത്തിക പ്രതിസന്ധിമൂലമുള്ള ട്രഷറി നിയന്ത്രണം വന്നതോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ജോലികൾ ഏറ്റെടുക്കാൻ കോൺട്രാക്ടർമാരും ഗുണഭോക്തൃ സമിതികളും തയ്യാറാകുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിപ്പണം പിൻവലിക്കുന്നതിനായി നിലവിലുള്ള രീതിയിൽ ഇതുവരെ മാറ്റം വരുത്തിയിട്ടില്ല.

(സി) ഒരു മാസം പിൻവലിക്കാവുന്ന പരമാവധി പദ്ധതിപ്പണം എത്രയെന്ന് നിശ്ചയിച്ചിട്ടില്ല. അവശേഷിക്കുന്ന വാർഷിക പദ്ധതി കാലയളവിൽ പൂർണ്ണ വിനിയോഗമാണ് ലക്ഷ്യമിടുന്നത്. മാർച്ച് കഴിയുമ്പോഴെ വിനിയോഗം പൂർണ്ണമായോയെന്ന് പറയാൻ കഴിയൂ.

(ഡി) ഇല്ല.

പുരാവസ്തുക്കളുടെയും പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും സംരക്ഷണവും

9 (*129) ശ്രീ. എം. ഉമ്മർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുരാവസ്തുക്കളുടെയും, പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും, സംരക്ഷണവും സംബന്ധിച്ച നയം വ്യക്തമാക്കുമോ ; അതിനുള്ള മാനദണ്ഡമെന്താണെന്നു വിശദമാക്കുമോ ;

(ബി) വിവിധ വകുപ്പുകളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും കൈവശത്തിലുള്ളതും പൈതൃകശേഷിപ്പായി സംരക്ഷിക്കപ്പെടേണ്ടവയും സംബന്ധിച്ച് വിവര ശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത്തരത്തിൽ വിവരശേഖരണം നടത്തി യഥാസമയം നോട്ടിഫൈ ചെയ്യാൻ അലംഭാവം കാണിച്ചതുമൂലം വിലപ്പെട്ടതും സംസ്കാരത്തിന്റെ ഭാഗമായതുമായ നിരവധി പൈതൃകശേഷിപ്പുകൾ നശിപ്പിക്കപ്പെട്ടുപോയ സാഹചര്യത്തിൽ ശേഷിക്കുന്നവയെങ്കിലും സംരക്ഷിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) 1968-ലെ പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ട്, 1972 കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചാണ് പുരാവസ്തുക്കളുടെയും പൈതൃകശേഷിപ്പുകളുടെയും ഏറ്റെടുക്കലും സംരക്ഷണവും നടത്തുന്നത്. ദേശീയ പ്രാധാന്യമില്ലാത്ത പ്രാചീന സ്മാരകങ്ങളും (ചരിത്രപരമായോ, പുരാവസ്തു ശാസ്ത്രപരമായോ, കലാശിൽപപരമായോ, കൗതുകപ്രദമായതും ഒരു ശതാബ്ദത്തിൽ കുറയാതെ നിലനിന്നിട്ടുള്ളതായ വല്ല നിർമ്മാണമോ, എടുപ്പോ, സ്മാരകമോ, ശ്മശാനമോ, തടങ്കൽ സ്ഥലമോ, ഗുഹയോ, പാറമേലുള്ള ശിൽപവേലയോ, ശിലാലിഖിതമോ, ശിലാസ്തംഭമോ) പുരാവസ്തു സങ്കേതങ്ങളും പുരാവശിഷ്ടങ്ങളും സംരക്ഷിക്കുന്നതിനും പുരാവസ്തു ശാസ്ത്ര സംബന്ധമായ ഉത്ഖനനങ്ങൾ ക്രമപ്പെടുത്തുന്നതിനും അതുപോലുള്ള മറ്റു വസ്തുക്കൾ കാത്തുസൂക്ഷിക്കുന്നതിനും പ്രസ്തുത ആക്ടിൽ വ്യവസ്ഥ ചെയ്യുന്നു. ദേശീയ പ്രാധാന്യമുള്ളവ കേന്ദ്ര പുരാവസ്തു വകുപ്പാണ് സംരക്ഷിക്കുന്നത്.

(ബി) സംസ്ഥാനത്തെ പൈതൃക ശേഷിപ്പുകളുടെ ആകമാനമുള്ള വിവരശേഖരണം നടത്തിയിട്ടില്ല. പുരാവസ്തുവകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളവയും പൊതുസമൂഹത്തിൽ നിന്നും ശ്രദ്ധയിൽപ്പെടുന്നതുമായ പൈതൃക ശേഷിപ്പുകളുടെ വിവരശേഖരണം നടത്തുന്ന രീതിയാണ് തുടർന്ന് വരുന്നത്. ആകമാനമുള്ള വിവരശേഖരണം ഭാരിച്ച മാനവവിഭവശേഷിയും സാമ്പത്തിക ചെലവും വേണ്ടി വരുന്ന പ്രക്രിയയാണ്.

(സി) പുരാവസ്തു വകുപ്പിന്റെ അധീനതയിൽ നിലവിൽ 171 സംരക്ഷിത സ്മാരകങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ട്. കൂടാതെ സംരക്ഷിക്കപ്പെടേണ്ട സ്മാരകങ്ങൾ കണ്ടെത്തുന്ന മുറയ്ക്ക് അവയെ നിലവിലുള്ള ആക്ടിലെ വ്യവസ്ഥ അനുസരിച്ച് പരിശോധിച്ച് സംരക്ഷിത സ്മാരകമായി പ്രഖ്യാപിച്ച് സംരക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly